സി.ഐ..എസ്.എഫ്. തുടങ്ങിയ അർദ്ധ സൈനിക സേന, കേരള പോലീസ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ് ജയിൽ, എക്സൈസ് എന്നീ വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരും ആയ ആൾക്കാരെയാണ് ഹോം ഗാർഡുകളുടെ നിയമനത്തിനായി പരിഗണിക്കുന്നത്. 100 മീറ്റർ ഓട്ടം 18 സെക്കന്റിനുള്ളിൽ പൂർത്തിയാക്കണമെന്നതും 3 കിലോമീറ്റർ നടത്തം 30 മിനിട്ടിനുള്ളിൽ പൂർത്തിയാക്കണമെന്നതുമാണ് ശാരീരിക ക്ഷമതാ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവർ എസ്.എസ്.എൽ.സി. പാസ്സായിരിക്കണം. എസ്.എസ്.എൽ.സി. പാസ്സായവരുടെ അഭാവത്തിൽ ഏഴാം സ്റ്റാൻഡേർഡ് യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതാണ്.

(സി) ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ കളക്ടർ, ഫയർ ആന്റ് റെസ്ക്യൂ ജില്ലാതല ഓഫീസർ എന്നിവരുടെ നിർദ്ദേശാനുസരണം ഹോം ഗാർഡുകൾ പ്രവർത്തിക്കേണ്ടതാണ്. ഫയർ ഫൈറ്റിംഗ് ആന്റ് റെസ്ക്യൂ ഓപ്പറേഷൻ ട്രാഫിക് നിയന്ത്രണവും ക്രമീകരണവും ആഘോഷവേളകളിൽ ബന്തവസ് ഡ്യൂട്ടി, പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനം-സിവിൽ ഡിഫൻസ് പ്രവർത്തനം ഇലക്ഷൻ സമയത്ത് സ്പെഷ്യൽ പോലീസ് കോൺസ്റ്റബിൾ, സ്റ്റാറ്റിക് പ്രൊട്ടക്ഷൻ ഡ്യൂട്ടി, പട്രോൾ അസിസ്റ്റന്റ്, കമ്മ്യൂണിറ്റി പോലീസിംഗ്, കോസ്റ്റൽ പോലീസ് സ്റ്റേഷൻ ഡ്യൂട്ടി എന്നിവയ്ക്ക് ഹോം ഗാർഡുകളെ നിയോഗിക്കുന്നതാണ്. പ്രസ്തുത ഡ്യൂട്ടി നിർവ്വഹിക്കുന്നതിന് ആവശ്യമായ അധികാരങ്ങളും ചുമതലകളും ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ നിർദ്ദേശാനുസരണം പാലിക്കേണ്ടതാണ്.

ഹോംഗാർഡിന്റെ പ്രവർത്തനക്ഷമത

23 (1764) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയെ സഹായിക്കാനായി വിമുക്തഭടന്മാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതുവരെ എത്രപേരെ ഹോം ഗാർഡുകളായി നിയമിച്ചിട്ടുണ്ട് ;

(ബി) ഏതൊക്കെ ചുമതലകളാണ് പൊതുവായി ഇവരെ ഏല്പിക്കുന്നത് ;

(സി) ഹോം ഗാർഡിന്റെ പ്രവർത്തനക്ഷമത വിലയിരുത്താനും ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) കുറ്റാന്വേഷണ ക്രമസമാധാന കാര്യങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള സഹായങ്ങളോ സേവനങ്ങളോ നൽകുന്നതിന് ഈ സേനയെ ഉപയോഗിച്ചു വരുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് ഇത്തരത്തിൽ ഇവരുടെ സേവനം ലഭ്യമാക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2908.

(ബി) ഫയർ ഫൈറ്റിംഗ് ആന്റ് റെസ്ക്യൂ ഓപ്പറേഷൻ, ട്രാഫിക് നിയന്ത്രണവും ക്രമീകരണവും, ആഘോഷാവളകളിൽ ബന്തവസ് ഡ്യൂട്ടി, പൊതു പരിപാടികളിലെ ബന്തവസ്സ് ഡ്യൂട്ടി, പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനം സിവിൽ ഡിഫൻസ് ഇലക്ഷൻ സമയത്ത് സ്പെഷ്യൽ പ്രവർത്തനം, പോലീസ് കോൺസ്റ്റബിൾ സ്റ്റാറ്റിക് പ്രൊട്ടക്ഷൻ ഡ്യൂട്ടി, പ്രൊട്ടാൾ അസിസ്റ്റന്റ്, കമ്മ്യൂണിറ്റി പോലീസിംഗ്, കോസ്റ്റൽ പോലീസ് സ്റ്റേഷൻ ഡ്യൂട്ടി എന്നീ ചുമതലകളാണ് ഹോംഗാർഡുകളെ ഏൽപ്പിക്കുന്നത്.

(സി) അതാത് ബന്ധപ്പെട്ട ഓഫീസർമാർ ഹോംഗാർഡുകളുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

(ഡി) ഇല്ല.

പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ കേസുകൾ

24 (1765) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ബി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) പോലീസിന്റെ മനുഷ്യാവകാശ ലംഘനപരമായ നടപടികൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ഹൈടെക് ക്രൈം സെൽ

25 (1766) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈടെക് കേസുകൾ അന്വേഷിക്കുന്നതിനായി ഹൈടെക് ക്രൈം സെൽ തുടങ്ങിയശേഷം ഇതുവരെ എത്ര ഹൈടെക് കേസുകൾ ഈ സെല്ലിന്റെ കീഴിൽ അന്വേഷണം നടത്തി ;

LIBRARY ARCHIVES Kerala Legislative Assembly